# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

21.06.2019 ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3848**

## വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായ ഇടനാഴി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ), (ബി) & (സി) | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് ആന്റ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.ടി)ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെൻറ് ആൻറ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റിന് സമർപ്പിക്കുകയും ഇതേതുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി വിദഗ്ദോപദേശക ഏജൻസിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെ (Pricewaterhouse Coopers Pvt.Ltd.) കെ.എസ്.ഐ.ഡി.സി. മുഖേന നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ച്ചപ്പാടും തയ്യാറാക്കി ആയത് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെൻറ് ആൻറ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റിന് സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെൻറ് ആൻറ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന്റെ അടുത്ത യോഗത്തിൽ കേരളത്തിന്റെ ആവശ്യം പരിഗണിച്ച് അനുകൂല തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കി നൽകാൻ ഏത് വിദഗ്ധ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ; | | |
| (സി) | കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ച രൂപരേഖക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച രൂപരേഖയിൽ എന്തെല്ലാം മാറ്റങ്ങളാണ് കേന്ദ്രം നിർദ്ദേശിച്ചത്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**